പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 765

12/06/2013-ൽ മറുപടിയ്ക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനങ്ങൾ

**ചോദ്യം**

ശ്രീ. പി.കെ. ഗുരുദാസൻ.
ശ്രീ. സി.കെ. സദാശിവൻ.
ശ്രീ. ബി. സത്യൻ.
ശ്രീ. എസ്. രാജേന്ദ്രൻ

എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ നികത്താൻ ഒരു സ്ഥിരം സമിതിയെ നിയമിക്കണമെന്ന് ഹൈക്കോടതി ഉത്തരവിടാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ;

ബി) ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്കുവിട്ട മുൻ സർക്കാരിന്റെ തീരുമാനം അട്ടിമറിച്ചത് പിൻവാതിൽ നിയമനത്തിനായിരുന്നെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ;

സി) ദേവസ്വം നിയമനങ്ങൾ അഴിമതിരഹിതവും സുതാര്യവും നിയമാനുസൃതവുമാണെന്ന് ഉറപ്പാക്കാനായി നിയമനങ്ങൾ പി. എസ്.സി. ക്കു വിടാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ സുതാര്യമായ ഒരു സ്ഥിരം സംവിധാനം ആവശ്യമാണെന്നു കണ്ട സാഹചര്യത്തിലാണ് ബഹു. ഹൈക്കോടതി ഒരു സ്ഥിരം സമിതിയെ നിയമിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചത്.

ബി) & സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെ കുറിച്ച് അന്വേഷിക്കുവാൻ 2007 -ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25/04/2008 -ലെ വിനിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ച് ചില നിവേദനങ്ങളും സർക്കാരിന് ലഭിച്ചിരുന്നു. ഇതിൻെറയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്യാൻ സർക്കാർ നടപടി എടുത്തത്. പകരം ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കരട് നിയമം തയ്യാറാക്കുന്ന നടപടി നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ